## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1295 — 03/12/2015 ൽ മറുപടിക്ക്

# റീസർവ്വേ അദാലത്തുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിൽ റീസർവ്വേ അദാലത്തിൽ പരിഹരിക്കപ്പെടാത്ത എത്ര അപേക്ഷകൾ ഉണ്ട്; പരിഹരിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (എ) 5002 പരാതികൾ.<br>സർവ്വേ ജീവനക്കാരുടെ കുറവും, മുൻ സർവ്വേ റിക്കാർഡുകളുടെ അഭാവവും, കുട്ടനാട് പോലുള്ള പ്രദേശങ്ങളിൽ കാലാവസ്ഥാപരമായി സീസൺ കൂടി പരിഗണിക്കേണ്ടതുമാകയാൽ പരാതികൾ പരിഹരിക്കാൻ കാലതാമസം നേരിടാറുണ്ട്. |
| (ബി) റീസർവ്വേ നടപടികളിലൂടെയും അദാലത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ പരിഹാര നടപടികളിലൂടെയും സർക്കാർ പുറമ്പോക്കുകളോ തരിശുകളോ സ്വകാര്യ വ്യക്തികൾക്ക് നൽകുന്ന സംഭവങ്ങൾ ഉണ്ടാകാറുണ്ടോ; ഇത്തരം അപാകതകൾ ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) ഇല്ല.<br>നാളതു റവന്യൂ രേഖകൾ പരിശോധിച്ച് നിയമാനുസൃത സർവ്വേ നടപടികളുടെ ആരംഭത്തിൽ തന്നെ സർക്കാർ ഭൂമി സർക്കാർ ഉടമസ്ഥതയിൽ നിർത്തിയാണ്, റീസർവ്വേ നടപടികളും, റീസർവ്വേ പരാതി പരിഹാര നടപടികളും, സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ